# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 23

# വാർത്താക്കുറിപ്പ്

## പി.ജി, ബി.എഡ് പ്രവേശനം - രണ്ടാം അലോട്മെന്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളജുകളിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര - ബിരുദ പ്രവേശനത്തിനും ട്രെയിനിംഗ് കോളജുകളിലെ ബി.എഡ് പ്രവേശനത്തിനുമുള്ള രണ്ടാം അലോട് മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. രണ്ടാം ഘട്ട അലോട്ട്മെൻ്റിൽ പ്രവേശനം ലഭിച്ചവർ ഒക്ടോബർ 26 ന് വൈകിട്ട് നാല് മണിയ്ക്ക് മുൻപ് നിശ്ചിത സർവ്വകലാശാല ഫീസ് ഓൺലൈനായി ഒടുക്കി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസടച്ച് പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യാത്തവരുടെ അലോട്മെന്റ് റദ്ദാകുമെന്നതിനാൽ അവരെ തുടർ അലോട്ട്മെൻ്റുകളിൽ പരിഗണിക്കില്ല. അപേക്ഷകർക്ക് ലഭിച്ചിട്ടുള്ള അപേക്ഷാ നമ്പറും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലിസ്റ്റ് പരിശോധിക്കാം. രണ്ടാം അലോട്ട്മെൻ്റിന് ശേഷം ഒക്ടോബർ 27 ന് അപേക്ഷ കർക്ക് ഓപ്ഷനുകൾ പുനക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനും അവസരം ലഭിക്കും. ഒന്നാം ഓപ്ഷനായി രജിസ്റ്റർ ചെയ്തിട്ടുള്ള കോഴ്സുകളും കോളജുകളും ലഭിച്ചിട്ടുള്ളവർ നിശ്ചിത സമയത്ത് ബന്ധപ്പെട്ട കോളജുകളിൽ പ്രവേശനം ഉറപ്പാക്കേണ്ടതാണ്. അവർക്ക് താത്ക്കാലിക പ്രവേശനം അനുവദനീയമല്ല. എന്നാൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നാം ഓപ്ഷൻ അലോട്ട്മെൻറിൽ ലഭിക്കാത്ത അപേക്ഷകർക്ക് ലഭ്യമായ അലോട്ട്മെൻ്റ് പ്രകാരം താത്ക്കാലിക പ്രവേശന മോ സ്ഥിരപ്രവേശനമോ നേടാവുന്നതാണ്. സ്ഥിരപ്രവേശനം എടുക്കുന്നവർ മാത്രം കോളജുകളിൽ ഫീസടച്ചാൽ മതിയാകും. പ്രവേശനം സംബന്ധിച്ച് അപേക്ഷകർക്ക് അതത് കോളജുകളിൽ ഫോൺ മുഖേന ബന്ധപ്പെടാം. പ്രവേശനം ഉറപ്പാക്കുന്നവർ തുടർന്ന് കോളജുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്. കോളജുകളുടെ ഫോൺ നമ്പറുകൾ www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കോളജുകളിൽ പ്രവേശനം ഉറപ്പിച്ചിട്ടുള്ളവർ കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. കൺഫർമേഷൻ സ്ലിപ്പിൻ്റെ അഭാവത്തിൽ പ്രവേശനം സംബന്ധിച്ച പരാതികൾ പരിഗണിക്കില്ല.

(പി.ആർ.ഒ/39/1161/2021)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എ. സിറിയക് (സി.എസ്.എസ്. - 2019 അഡ്മിഷൻ - റഗുലർ) പരീക്ഷകൾ നവംബർ എട്ടിന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 27 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 28 നും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 29 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1162/2021)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നുമുതൽ നാലുവരെ സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016, 2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 12 മുതൽ നടക്കും.

(പി.ആർ.ഒ/39/1163/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നുമുതൽ നാലുവരെ സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ഒക് ടോബർ 29 മുതൽ നടക്കും.

(പി.ആർ.ഒ/39/1164/2021)

## പരീക്ഷഫലം

2020 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (മോഡൽ 1, 2, 3 - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും

2021 മാർച്ചിൽ നടന്ന നാലാം വർഷ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1166/2021)

2021 മാർച്ചിൽ നടന്ന ഒന്നാം വർഷ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1167/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. മൈക്രോബയോളജി (സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ ആറുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1168/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (സപ്ലിമെന്ററി) എം.എസ് സി. അപ്ലൈഡ് ഇലക്ട്രോണിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1169/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എം.എസ് സി. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (കെമിസ്ട്രി) ബാച്ചിൽ (2021 അഡ്മിഷൻ) എസ്.ടി. വിഭാഗത്തിനായി സംവരണം ചെയ്ത ഒരു സീറ്റും, എം.എസ്.സി. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഫിസിക്സ്) ബാച്ചിൽ (2021 അഡ്മിഷൻ) എസ്.സി. വിഭാഗത്തിനും എസ്.ടി. വിഭാഗത്തിനുമായി സംവരണം ചെയ്ത സീറ്റുകളിൽ ഓരോ ഒഴിവുകളുമുണ്ട്. അർഹരായവർ അസൽ യോഗ്യത രേഖകളുമായി ഒക്ടോബർ 26ന് വൈകീട്ട് 3.30ന് മുമ്പായി എ ഡി. എ11 സെക്ഷനിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 7907478110.

(പി.ആർ.ഒ/39/1170/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിലെ എം.എസ് സി. ഫിസിക്സ് (2021 അഡ്മിഷൻ) ബാച്ചിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ അസൽ യോഗ്യത രേഖകളുമായി ഒക്ടോബർ 22ന് വൈകീട്ട് മൂന്നിന് പഠനവകുപ്പിൽ നേരിട്ട് എത്തണം. ഫോൺ: 0481-2731043. ഇമെയിൽ: spap@mgu.ac.in

(പി.ആർ.ഒ/39/1171/2021)

## അന്തിമ പട്ടിക

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിന്ദി പി.ജി.സി.എസ്.എസ്. റഗുലർ പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലെ മറിയാമ്മ ബിജു, മൂവാറ്റുപുഴ നിർമ്മല കോളേജിലെ സെലീഷ്യ ജോസഫ്, പാലാ സെന്റ് തോമസ് കോളേജിലെ കീർത്തന എം. നായർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

(പി.ആർ.ഒ/39/1172/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ